# ‘നീതിമാന്മാരുടെ നിലവിളി കേൾക്കുന്ന ദൈവം’

## സങ്കീർത്തനങ്ങൾ 34:15

“യഹോവയുടെ കണ്ണു നീതിമാന്മാരുടെമേലും അവന്റെ ചെവി അവരുടെ നിലവിളിക്കും തുറന്നിരിക്കുന്നു.”

സർവശക്തനും സർവവ്യാപിയുമായ ദൈവത്തിന്റെ ശ്രദ്ധ മുഴുവനും തന്റെ മക്കളുടെമേൽ ആകുന്നു എന്ന ഉറപ്പ് ഈ വാക്യത്തിലൂടെ നമുക്ക് ലഭിക്കുന്നു. സദാ തന്റെ മക്കൾക്കായി ജാഗരിക്കുന്ന ദിവ്യമായ അനുഭവം എത്ര അതിശയകരം. നീതിമാനായ ഒരുവന്റെ അത്താണി എന്താകുന്നു എന്ന് സ്പഷ്ടമായി വചനം പ്രതിപാദിപ്പിക്കുന്നു.

യേശുകർത്താവ്, വിശ്വാസത്താൽ തന്റെ അടുക്കലേക്ക് വരുന്ന സകലരേയും നീതീകരിച്ചിരിക്കുന്നു. വിശുദ്ധനെന്ന വിളിക്ക് യോഗ്യരല്ലാതിരുന്ന ഓരോരുത്തരെയും അവന്റെ പരിശുദ്ധ രക്തത്താൽ നീതീകരിച്ച് ദൈവസന്നിധിയിൽ നീതിമാന്മാരായി നിർത്തിയിരിക്കുന്നു. യേശുക്രിസ്തുവിന്റെ കൃപയാൽ തങ്ങൾ നീതീകരിക്കപ്പെട്ടവരാണെന്ന ഉറപ്പ് ദൈവമക്കൾക്ക് ഉണ്ടായിരിക്കണം എന്നതാണ് പ്രധാനം. അത് മനോഹരമായ ഈ വാക്യത്തിലുള്ള ആശ്രയത്വത്തിന്റെ ശക്തി വർദ്ധിപ്പിക്കും.

സദാ മാറ്റമില്ലാതെ ദൈവത്തിന്റെ കണ്ണും ചെവിയും നമുക്കായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അവൻ കാണാത്തതായി ഒന്നും ജീവിതത്തിലില്ല പ്രിയരേ! നമ്മുടെ വേദനകളെയും ഭാരങ്ങളെയും ആകുലതകളെയും നന്നായി അറിയുന്നവൻ, കാണുന്നവൻ അവൻ ഒരുവൻ മാത്രം.

മിസ്രയീമിൽ അടിമവേല ചെയ്തിരുന്ന യിസ്രായേൽ മക്കളുടെ നിലവിളി അവന്റെ ചെവിയിൽ കേട്ടു. അടിമവേല നിമിത്തം അവർ നെടുവീർപ്പിട്ടു എന്നാണ് നാം കാണുന്നത്. ദൈവം തന്റെ മക്കളെ കടാക്ഷിച്ചു എന്നു നാം കാണുന്നു (പുറപ്പാട് 2:24–25) നെടുവീർപ്പിടുക എന്ന പദത്തിലൂടെ അത്രയ്ക്ക് ആഴമേറിയ ഹൃദയഭാരമാണ് നാം കാണുന്നത്. ആ വേദന അറിഞ്ഞവൻ ദൈവം ഒരുവൻ മാത്രമായിരുന്നു.

ദൈവസന്നിധിയിൽ നീതിമാന്മാരായി ചേർത്തുനിർത്തിയ തന്റെ മക്കളുടെ നിലവിളി, അങ്ങനെയെങ്കിൽ എത്ര അധികമായി അവൾ കേൾക്കുന്നു, അറിയുന്നു, കാണുന്നു. തക്കസമയത്ത് അവന്റെ കടാക്ഷം നമുക്ക് ലഭിക്കും. ഹൃദയഭാരങ്ങളും, നൊമ്പരങ്ങളും ഉള്ളതുപോലെ അറിഞ്ഞ് ഒപ്പിയെടുക്കാൻ കർത്താവിനുമാത്രം സാദ്ധ്യം.

മാതാപിതാക്കളുടെ ശ്രദ്ധ തങ്ങളുടെ കുഞ്ഞുങ്ങളുടെ മേൽ എല്ലായ്പ്പോഴും ജാഗരിക്കുന്നു. അതേ അവരുടെ മുഖം ഒന്നു വാടിയാൽ, കാൽ ഇടറിയാൽ ഓടിയെത്തി ആശ്വസിപ്പിക്കും. മാർവോടു ചേർത്തുനിർത്തി തന്റെ സാന്ത്വനം കുഞ്ഞിനു പകരും. ഒരു കുഞ്ഞിന്റെ കരച്ചിലിന്റെ ധ്വനി മാതാവ് എന്തിനെന്ന് തിരിച്ചറിയുന്നുവെങ്കിൽ സൃഷ്ടികർത്താവിന്റെ പരിപാലനം എത്ര ഭയങ്കരം. പ്രപഞ്ചത്തിലെ ഓരോ മക്കളുടെയും സകല കാര്യങ്ങളിലും അവന്റെ അതീവ ശ്രദ്ധയോടുള്ള പരിപാലനത്തിനായി സ്തോത്രം ചെയ്യാം. കർത്താവിന്റെ മുഖം പ്രതികൂലമെങ്കിൽ നമുക്ക് നിൽക്കാൻ കഴിയില്ലെന്നതാണ് വാസ്തവം. സദാ ജാഗരിക്കുന്ന കണ്ണുകൾക്കും ചെവികൾക്കും ആയി പൂർണ്ണമായി ഏൽപ്പിച്ചുകൊടുക്കാം. കർതൃത്വം കർത്താവിന്റെ കൈയ്യിലെങ്കിൽ ഭാരമില്ലാതെ നടക്കുവാൻ ഇടയാകും. അതിനു ഓരോ ദൈവമക്കളെയും പരിശുദ്ധാത്മശക്തി സഹായിക്കട്ടെ എന്നും നമുക്ക് പ്രാർത്ഥിക്കാം.

പരാമർശം :
സദൃശവാക്യങ്ങൾ 4:18,19
നീതിമാന്മാരുടെ പാതയോ പ്രഭാതത്തിന്റെ വെളിച്ചംപോലെ; അതു നട്ടുച്ചവരെ അധികമധികം ശോഭിച്ചു വരുന്നു. ദുഷ്ടന്മാരുടെവഴി അന്ധകാരംപോലെയാകുന്നു; ഏതിങ്കൽ തട്ടി വീഴും എന്നു അവർ അറിയുന്നില്ല.

സിസ്റ്റർ ബിന്ദു റെജി അയ്മനം 030